## പ്രഫസർ അനിൽകുമാറിന്റെ ചോദ്യോത്തരവേള 344– ശനിയാഴ്ച തോറും

## നവംബർ 9, 2024 ശനി

### പ്രശാന്തി സന്ദേശം പോഡ്കാസ്റ്റ്

**മലയാളം ഉൾപ്പടെ 8 ഇന്ത്യൻ ഭാഷകളിലും ഇറ്റാലിയൻ, സ്പാനിഷ് , റഷ്യൻ ഉൾപ്പടെ വിദേശഭാഷകളിലും ശനിയാഴ്ച തോറും**

# വിവേചനവും തീരുമാനമെടുക്കലും

## DISCRIMINATING AND DECISION-MAKING




പ്രഫസർ അനിൽകുമാർ കാമരാജു, അവിടുത്തെ സന്ദേശങ്ങളും ദൗത്യവും പ്രചരിപ്പിക്കുന്നതിനായി, ഭഗവാനാൽ തെരഞ്ഞെടുക്കപ്പെട്ടയാളാണ്. അദ്ദേഹം ഇന്ത്യയിലും വിദേശത്തും ധാരാളം യാത്രകൾ ചെയ്യുകയും സ്വാമിയുടെ ദിവ്യ പ്രഭാഷണങ്ങളുടെയും ഭഗവാനുമായുള്ള അദ്ദേഹത്തിന്റെ വ്യക്തിപരമായ ഇടപഴകലിന്റെയും അടിസ്ഥാനത്തിൽ, എണ്ണമറ്റ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും സംശയനിവാരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഏറ്റവും പ്രധാനമായി, ഉള്ളിലെ സായിയുമായി ബന്ധപ്പെടുന്നതെങ്ങനെ എന്ന് പ്രഫസർ അനിൽകുമാർ നമുക്ക് ഫലപ്രദമായ മാർഗനിർദ്ദേശം തരുന്നു.

**Q: തങ്ങൾ ജീസസ്സിന്റെ പുനരവതാരമാണെന്ന് നിരവധി ആളുകൾ അവകാശവാദമുന്നയിക്കുന്നു. നാം അവരെ പിന്തുടരണമോ?**



**പ്രഫ. അനിൽകുമാർ:** ജീസസ്സിന്റെ പുനരവതാരമായി ആരെങ്കിലും സ്വയം വിളിക്കുന്നുണ്ടെങ്കിൽ, അവരെ പിന്തുടരാൻ നിങ്ങൾ തീരുമാനിക്കുന്നതിനു മുമ്പ്, മനോരോഗവിദഗ്ദ്ധൻ(psychiatrist) തീരുമാനമെടുത്തോട്ടെ. ധാരാളം ആളുകൾ ഇത്തരത്തിൽ അവകാശപ്പെടുന്നുണ്ട്. അത്തരം വ്യാജ അവകാശവാദങ്ങൾക്കു പുറകേ പോകാതിരിക്കാം നമുക്ക്.

**Q: എന്റെ തൊഴിലിന്റെ ഭാഗമായി എനിക്ക് ചില പാപങ്ങൾ ചെയ്യേണ്ടതായി വരുന്നു. ഞാൻ എന്തു ചെയ്യണം?**

**പ്രഫ. അനിൽകുമാർ:** താങ്കളോട് ഏത് തൊഴിലാണ് പാപം ചെയ്യുന്നതിനായി ആവശ്യപ്പെടുന്നത് എന്ന് എനിക്കറിയില്ല. പാപപങ്കിലമായ തൊഴിലുകളെപ്പറ്റിയോ

അഥവാ തൊഴിൽപരമായ പാപത്തെപ്പറ്റിയോ അഥവാ പ്രഫഷണൽ പാപികളെപ്പറ്റിയോ എനിക്കറിവില്ല. എനിക്ക് അറിവില്ല. പക്ഷേ ഈ സഹോദരൻ തന്റെ പ്രസ്താവന ഒരു ചിത്രീകരണത്താൽ സാധൂകരിച്ചിരിക്കുന്നു. ഒരു പോലീസ് ഓഫീസർക്ക് മറ്റൊരു മനുഷ്യനെ അടിക്കേണ്ടതായി വരും, അതൊരു പാപമല്ലേ? ഒരു പട്ടാളക്കാരന് ശത്രുവിനെ വെടിവയ്ക്കേണ്ടതായി വരും, അതൊരു പാപമല്ലേ?




അല്ല. അത് സ്വധർമ്മമാണ്. അതവന്റെ കടമയാണ്. ഒരു പട്ടാളക്കാരന് ശത്രുവിനെ ഡിന്നറിനായോ ടീ പാർട്ടിക്കായോ ക്ഷണിക്കാനാവില്ല. ഒരു പോലീസുകാരന് ഒരു മോഷ്ടാവിനെ അല്ലെങ്കിൽ കവർച്ചക്കാരനെ കെട്ടിപ്പിടിക്കാനാവില്ല. അവനെ ശിക്ഷിക്കുകയെന്നത് അവരുടെ ധർമ്മമാണ്; ശത്രുവിനെ കൊല്ലുകയെന്നത് പട്ടാളക്കാരന്റെ ജോലിയാണ്, അതൊരു പാപമല്ല. എന്നാൽ, നിങ്ങൾ മറ്റൊരാളെ കൊന്നിട്ട് അയാളുടെ ധനം കവർച്ച ചെയ്താൽ, അതൊരു പാപമാണ്. അയാൾ കുറ്റക്കാരനാണെന്നും ഒരു കള്ളനാണെന്നും നിങ്ങൾക്ക് അറിയാമെങ്കിൽ, എന്നിട്ടും നിങ്ങൾ അയാളെ ശിക്ഷിക്കുന്നില്ലെങ്കിൽ, അപ്പോൾ അതൊരു പാപമാകുന്നു.



**Q: ഒരു പ്രതിപ്രവർത്തനം(reaction) എന്താണ്, പ്രതികരണം(response) എന്താണ്?**

**പ്രഫ. അനിൽകുമാർ**: ഒരു പ്രതിപ്രവർത്തനം(reaction) പോസിറ്റീവോ നെഗറ്റീവോ ആകാം, അതേസമയം ഒരു പ്രതികരണം(response) എല്ലായ്പോഴും പോസിറ്റീവായിരിക്കും. പ്രതിപ്രവർത്തനം ചിലനേരം വിപ്ലവാത്മകമാവും, പ്രതിപ്രവർത്തനം ലഹളകാരണമാവാം, അത് ചിലപ്പോൾ അക്രമാസക്തമാവാം. അതേസമയം ഒരു പ്രതികരണം സമാധാനപരമായിരിക്കും. പ്രതികരണം ഹൃദയത്തിൽനിന്ന് വരുന്നു, അത് ഐക്യത്തിലേക്കും പൊരുത്തത്തിലേക്കും നയിക്കുന്നു, അതേസമയം, പ്രതിപ്രവർത്തനം മനസ്സിൽനിന്ന് വരുന്നു, സംഘർഷത്തിലേക്ക് നയിക്കുന്നു. ഇക്കാരണത്താലാണ്, 'ആന്തര പ്രതികരണം'(inner response) എന്നും 'ബാഹ്യ പ്രതിപ്രവർത്തനം'(outer reaction) എന്നും നാം പറയുന്നത്.



സത്യ സായി ബാബ മിക്കപ്പോഴും പറയുന്നത് എന്തെന്നാൽ, നിങ്ങൾക്കു വെളിയിലുള്ള ഓരോ കാര്യവും നിങ്ങളുടെ ആന്തരസത്തയുടെ പ്രതിപ്രവർത്തനം(reaction),



പ്രതിഫലനം(reflection), പ്രതിധ്വനി(resound) ഇവയാണെന്നാണ്. ശിലയും പ്രതികരിക്കും; ഒരു ശിലയ്ക്ക് ശരിയായ സ്നേഹം നൽകിയാൽ അതിനും ഉരുകാനാവും. ലളിതമായ ദൃഷ്ടാന്തം: സത്യ സായി ബാബ അവിടുത്തെ ബാല്യകാലത്ത്, അവിടുത്തെ മൃദുസ്പർശം കൊണ്ട് ഒരു ശിലയെ ഷിർദ്ദി സായി വിഗ്രഹമാക്കി മാറ്റി. ആ ശില ദിവ്യാഹ്വാനത്തോട് പ്രതികരിക്കുകയുണ്ടായി. ഈ ശില ദിവ്യമാവണമെന്നും ഷിർദ്ദി സായിയുടെ രൂപം കൈക്കൊള്ളണമെന്നുമായിരുന്നു ദിവ്യേച്ഛ.



നമുക്ക് മറ്റൊരു ചമത്കാരത്തെപ്പറ്റിയും അറിവുണ്ട്, സത്യ സായി ബാബ കുറച്ച് പൂക്കൾ ശേഖരിച്ചു, എല്ലാ പൂക്കളും മനോഹരമായ ഒരു തത്തയായി മാറി, അത് അവിടുത്തെ കൈകളിൽനിന്ന് പറന്നുപോയി. ഇത് അർത്ഥമാക്കുന്നത്, പൂക്കൾ ദിവ്യപ്രേമത്തോട് പ്രതികരിച്ചു എന്നാണ്.

മനുഷ്യരുടെ കാര്യം വരുമ്പോൾ, നാം എങ്ങനെയാണ് പ്രതിപ്രവർത്തിക്കുക, പ്രതിഫലിക്കുക, പ്രതികരിക്കുക(react, reflect, resound) എന്ന് നമുക്ക് നോക്കാം. സ്വാമി നിങ്ങളെ സ്പർശിക്കുകയാണെങ്കിൽ, നിങ്ങളുടെ വൈകാരിക ഹൃദയത്തെ അഥവാ നിങ്ങളുടെ കൈകളെ സ്പർശിക്കുകയാണെങ്കിൽ, നിങ്ങൾക്ക് എന്തു തോന്നും? നിങ്ങൾക്ക് ഒരു ദിവ്യ പ്രകമ്പനം, ഒരു തരം ആനന്ദകര



മായ ഷോക്ക് അനുഭവപ്പെടും, എന്തോ നിങ്ങളെ പിടിച്ചു കുലുക്കുന്നതുപോലെ. നിങ്ങൾ സ്വാമിയുടെ കണ്ണുകളിൽ നോക്കുമ്പോൾ എന്തോ ഒന്ന് നൈസർഗികമായി സംഭവിക്കുന്നു; ചില ഭക്തർ കരയാൻ തുടങ്ങുന്നു, കാരണമൊന്നുമില്ലാതെ കണ്ണുനീർത്തുള്ളികൾ താഴേക്ക് പൊഴിയാൻ തുടങ്ങുന്നു. ഇത് നമ്മുടെ സ്വന്തം ആനന്ദം, പ്രേമം, പ്രകാശം ആണ്, അവ ദിവ്യരൂപത്തോട് പ്രതികരിക്കുകയാണ്.

കാതുകൾ ഭജന കേൾക്കുന്നതിനായി ഏറെ കൊതിക്കുന്നു, മുഴുവൻ ശരീരവും സംഗീതത്തിനൊപ്പം സ്പന്ദിച്ചുകൊണ്ട് പ്രതികരിക്കുന്നു. പ്രതികരണത്തിന്റെ മറ്റൊരു തലം മാനസിക തലവും ബൗദ്ധിക തലവും ആകുന്നു.

നാം സ്വാമിയുടെ സന്ദേശം, അവിടുത്തെ രൂപം, ചമത്കാരങ്ങൾ ഇവ




കേൾക്കുമ്പോൾ, നമുക്ക് ശാന്തി, തൃപ്തി അനുഭവപ്പെടുന്നു, അതിനു പ്രതികരണമായി നാം അവിടുന്നിനെ ആരാധിക്കാൻ തുടങ്ങുന്നു; നാം പ്രശാന്തിനിലയം സന്ദർശിക്കാൻ തുടങ്ങുന്നു. നാം അവിടുന്നിനെ സേവിക്കാൻ തുടങ്ങുന്നു; നാം സമൂഹത്തെ സേവിക്കാൻ തുടങ്ങുന്നു. ഈശ്വരൻ നമുക്കു തന്ന ഈ അമൂല്യമായ രത്നം നഷ്ടമാവാതെ നാം ശ്രദ്ധിക്കണം. ഈ പ്രതികരണം നമുക്ക് നഷ്ടമാവുമ്പോൾ, നാം സംവേദനരഹിതരാവുകയും നമ്മുടെ ജീവിതം ഏറെക്കുറെ മൃതമാവുകയും നഷ്ടമാവുകയും ചെയ്യുന്നു. പ്രതികരണമെന്നത് ജീവിതമാകുന്നു; പ്രതികരണം കൂടാതെ, അത് നിർജ്ജീവതയാകുന്നു.

**Q: ഞാൻ ഒരു ഹോട്ടൽ മാനേജ്മെന്റ് കോളജിൽ പഠിപ്പിക്കുകയാണ്, അവിടുത്തെ ലബോറട്ടറിയിൽ ഞങ്ങൾ കൈകാര്യം ചെയ്യുന്നത് രാസവസ്തുക്കളല്ല, ക്ഷാരജലം, ചത്ത മാംസം, മദ്യം ഇവയൊക്കെയാണ്. അവ ചീത്തയായിട്ടില്ല എന്നുറപ്പിക്കാനായി ഞങ്ങൾക്ക് അവ രുചിച്ചുനോക്കേണ്ടിവരും. എങ്ങനെയുള്ള സാഹചര്യത്തിലാണ് ഞാൻ?**

**പ്രഫ. അനിൽകുമാർ**: ഹരി ഓം, എനിക്ക് പരിഹാരമൊന്നുമില്ല. താങ്കളുടെ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ, ഞാൻ ഓടിപ്പോയേനേ. ഞാൻ ആ ജോലി രാജിവയ്ക്കും എന്തുകൊണ്ടെന്നാൽ, എനിക്ക് മദ്യം കഴിക്കാനോ മാംസം രുചിക്കാനോ പറ്റില്ല. എനിക്കത് ചെയ്യാനാവില്ല. ഈ ലോകത്ത് ഒത്തിരി തൊഴിലുകളുണ്ട്, പക്ഷേ അതിനർത്ഥം, എനിക്ക് ഇഷ്ടമില്ലാത്തതും എന്റെ മന:സാക്ഷി അനുവദിക്കാത്തതുമായ ജോലി ഞാൻ ചെയ്തേ തീരൂ എന്നല്ല. ഞാനാണെങ്കിൽ അതാവും ചെയ്യുക.



**Q: നമ്മൾ എത്ര നേരം ചിന്തിക്കണം?**

**പ്രഫ. അനിൽകുമാർ**: വളരെ നല്ല ചോദ്യം! നാം എത്ര നേരം ചിന്തിക്കണം? ഒരു കുട്ടി അല്ലെങ്കിൽ നമ്മിലാരെങ്കിലും ചോദിക്കുന്നതുപോലെയാണിത്,




"അമ്മാ, ഞാൻ എത്രമാത്രം കഴിക്കണം?"

അമ്മ നിങ്ങളോടു പറയും, "നിനക്ക് മതിയാവോളം."

"ഞാൻ എത്ര നേരം ഉറങ്ങണം?"

"നിനക്ക് എണീൽക്കണമെന്ന് തോന്നുവോളം, നിനക്ക് ഇനിയും ഉറങ്ങാനാവാത്തിടത്തോളം."

"ഞാൻ എത്ര നേരം വ്യായാമം ചെയ്യണം?"

"നിന്റെ മസിലുകൾ വേദനിക്കാൻ തുടങ്ങുവോളം."



അപ്പോൾ, ഇതൊരു സമയത്തിന്റെ പ്രശ്നമല്ല, മറിച്ച് ഒരുവന്റെ സ്വന്തം താത്പര്യത്തിന്റെ, സൗകര്യത്തിന്റെ പ്രശ്നമാണ്. "ശീതള പാനീയം എത്ര ബോട്ടിൽ ഞാൻ കുടിക്കണം?" നിങ്ങളുടെ ദാഹം നിശ്ചയിക്കട്ടെ അത്!

**Q: സായി രാം! എന്റെ ചോദ്യം തീരുമാനം എടുക്കുന്നതിനെ(decision-making) സംബന്ധിച്ചാണ്. തീരുമാനങ്ങൾ എടുക്കുമ്പോൾ ഞാനെല്ലായ്പോഴും പതറുന്നു. ബുദ്ധി കൈക്കൊള്ളുന്ന തീരുമാനമുണ്ട്, മനസ്സ് കൈക്കൊള്ളുന്ന തീരുമാനമുണ്ട്, സഹജാവബോധം കൈക്കൊള്ളുന്ന തീരുമാനമുണ്ട്. ബുദ്ധി കൊണ്ട് ഞാനൊരു തീരുമാനം എടുക്കുമ്പോളൊക്കെ, ഉള്ളിലെവിടെയോ അത് തെറ്റാണെന്ന് ഞാനറിയുന്നു. മനസ്സുകൊണ്ട് ഞാനതു തീരുമാനിക്കുമ്പോൾ, പിന്നീട് അത് തെറ്റാണെന്ന് ഞാൻ കാണുന്നു. ഇനി, സഹജാവബോധത്താൽ തീരുമാനമെടുക്കുമ്പോൾ, പിന്നീട് അത് തെറ്റാണെന്ന് ഞാൻ കാണുന്നു. ആയതിനാൽ എനിക്ക് ശരിക്കും ഒരു തീരുമാനം എടുക്കാനാവുന്നില്ല. ഒരു തീരുമാനമെടുക്കുന്നതിനായി ഞാൻ എങ്ങനെ നീങ്ങണം?**

**പ്രഫ. അനിൽകുമാർ**: നല്ലത്. തീരുമാനം എടുക്കുന്നതിനെ(decision-making) സംബന്ധിച്ച ചോദ്യമാണിത്. ചോദ്യം അവർതന്നെ വിശദീകരിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. "ഒരു തീരുമാനം മനസ്സാണ് എടുക്കുന്നത് എങ്കിൽ, അത് തെറ്റു

മെന്ന് ഞാൻ കാണുന്നു. ബുദ്ധിയാണ് തീരുമാനം എടുക്കുന്നത് എങ്കിൽ, അതും തെറ്റാണ്. അപ്പോൾ, ഞാനെന്താണിപ്പോൾ വേണ്ടത്? ഞാൻ തീരുമാനമെടുക്കണമോ വേണ്ടയോ?"



ഞാനത് ഈ രീതിയിൽ പറയാം: ആദ്യമായി, നിങ്ങൾ ഏതു തീരുമാനവും എടുക്കുന്നതിനു മുന്നോടിയായി, 'നിങ്ങൾ തീരുമാനിക്കുന്നതിനു മുമ്പേ നിങ്ങൾ പ്രാർത്ഥിക്കും, എന്നിട്ടേ തീരുമാനമെടുക്കൂ' എന്ന് തീരുമാനിക്കുക. ഉദാഹരണമായി, അർജ്ജുനൻ പ്രാർത്ഥിച്ചു, എന്നിട്ടാണ് അദ്ദേഹത്തിന്റെ തീരുമാനമെടുത്തത്. അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ധർമ്മരാജൻ, തീരുമാനിച്ചു, എന്നിട്ട് പ്രാർത്ഥിച്ചു, പക്ഷേ അദ്ദേഹത്തിന് പരാജയമുണ്ടായി. ധർമ്മരാജൻ ആദ്യം തീരുമാനിച്ചു, അതിനുശേഷം പ്രാർത്ഥിച്ചു; അതേ സമയം അർജ്ജുനൻ ആദ്യമേ പ്രാർത്ഥിച്ചു, എന്നിട്ട് തീരുമാനമെടുത്തു. അതുകൊണ്ട്, അർജ്ജുനന്റെ തീരുമാനം കൃത്യമായിരുന്നു. അപ്പോൾ, നാം ആദ്യമേ പ്രാർത്ഥിക്കണം, എന്നിട്ട് തീരുമാനമെടുക്കണം. അപ്പോൾ തീരുമാനമെടുക്കൽ കൃത്യമായിരിക്കും.



രണ്ടാമതായി, എന്റെ തീരുമാനം തെറ്റാണെന്ന് എനിക്കു തോന്നിയേക്കാം, എന്നാൽ അത് എന്റെ നല്ലതിനാവാം. ഒരു ലളിതമായ ദൃഷ്ടാന്തം: അവർ എന്റെ പ്രഭാഷണം ഇന്നത്തേക്ക്, ചൊവ്വാഴ്ചത്തേക്ക്, തീരുമാനിക്കുന്നു. സാധാരണയായി ഞാൻ ഞായറാഴ്ചയാണ് ഭക്തരുമായി സംസാരിക്കുന്നത്, പക്ഷേ അവർ ഈ പ്രഭാഷണം ചൊവ്വാഴ്ചത്തേക്ക് നിശ്ചയിച്ചിരിക്കുകയാണ്.



എന്റെ തീരുമാനം, എന്തെങ്കിലും ഒഴികഴിവു പറഞ്ഞ് വിട്ടുനിൽക്കാനാണ്. എന്റെ തീരുമാനം, നാലോ അഞ്ചോ പേരെ ഇവിടെ വരുത്തി വെടിപറഞ്ഞിരിക്കുക, കുറച്ച് രാഷ്ട്രീയം പറയുക, 'സായി രാം' പറഞ്ഞ് സ്ഥലം വിടുക എന്നതാണ്. എന്നാൽ, എന്താണിവിടെ സംഭവിച്ചത്? എല്ലാവരും വന്നു. ആരാണ് നിങ്ങളെ ഇവിടെയെത്തിച്ചത്? സ്വാമി. എന്റെ തീരുമാനം ഇവിടെ വഹിച്ച പങ്ക് എന്താണ്? പൂജ്യം.

അതുകൊണ്ട്, നമ്മുടെ തീരുമാനങ്ങൾ അവിടെയുണ്ടാവാം, പക്ഷേ അന്തിമഫലം ദൈവികമായിരിക്കും. അന്തിമഫലം ദൈവേച്ഛ മൂലമാവും. തീരുമാനമെടുക്കൽ(Decision-making)എന്നത് ഒരു മനുഷ്യ ശ്രമമാണ്, മാനുഷിക പ്രയത്നമാണ്-മാനുഷികമായ, മന:ശാസ്ത്രപരമായ, ധിഷണാപരമായ തലത്തിൽ സംഭവിക്കുന്നത്. എന്നാൽ പരിണത ഫലം എന്നത് പൂർണമായും ദൈവിക സങ്കൽപത്തെ ആശ്രയിച്ചിരിക്കുന്നു.




ഇനി, ഞാൻ എവിടെയാണ് നിൽക്കുന്നത്? എന്റെ തീരുമാനം ദൈവേച്ഛയുമായി പൂർണമായും പൊരുത്തപ്പെടുമെങ്കിൽ, അതുമായി ചേർന്നുപോകുമെങ്കിൽ, നല്ലത്. എന്റെ തീരുമാനം 'ശരി'യാണെന്ന് ഞാൻ പറയുന്നു. അതങ്ങനെയല്ലെങ്കിൽ, എന്റെ തീരുമാനം 'തെറ്റാ'ണെന്ന് ഞാൻ പറയുന്നു. ശരിയല്ലേ? എന്റെ തീരുമാനം ദൈവേച്ഛയുമായി പൊരുത്തപ്പെടില്ലെങ്കിൽ, എന്റെ തീരുമാനം 'തെറ്റാ'യിരുന്നെന്ന് ഞാൻ ചിന്തിക്കും. നമുക്ക് അങ്ങനെ ചിന്തിക്കാതിരിക്കാം! ഈ തീരുമാനം 'തെറ്റാ'യിരുന്നത് എന്റെ തന്നെ നല്ലതിനാണ്, ഒരു പഠനപ്രക്രിയയുടെ ഭാഗമെന്ന നിലയ്ക്ക്.



ആയതിനാൽ, തീരുമാനമെടുക്കൽ, അതൊരു പഠനപ്രക്രിയയാണെങ്കിൽ, അത് പോസിറ്റീവാണ്. തീരുമാനമെടുക്കൽ, അത് തീരുമാനവും അന്തിമ പരിണതഫലവും തമ്മിലുള്ള സംഘർഷം അനുഭവിക്കുന്ന പ്രക്രിയയാണെങ്കിൽ, അത് നെഗറ്റീവാണ്. അപ്പോൾ, സംഘർഷം അഥവാ വൈരുദ്ധ്യം നെഗറ്റീവാണ്, അതേസമയം തീരുമാനമെടുക്കൽ എന്നത് ഒരു വളർച്ചയുടെ, പരിണാമത്തിന്റെ, ആത്മപരിശോധനയുടെ, പഠന പ്രക്രിയയാണെങ്കിൽ, അപ്പോൾ അത് പോസിറ്റീവാണ്. ഞാൻ പറഞ്ഞത് വ്യക്തമാണല്ലോ? അങ്ങനെയാണ് ഞാൻ ചിന്തിക്കുന്നത്.



കൂടുതൽ പ്രചോദനാത്മകമായ ചോദ്യങ്ങളും ഉത്തരങ്ങളും നമുക്കായി അടുത്ത ലക്കത്തിൽ.



നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു** – (*Seeking Within* പേജ് 57–62)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)